# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 23-03-2024**

### പ്രധാനവാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ഭൂട്ടാൻ സന്ദർശനം പൂർത്തിയായി. ഇന്ത്യയെന്നും ഭൂട്ടാൻറെ വിശ്വസ്ത സുഹൃത്തും പങ്കാളിയുമായിരിക്കുമെന്ന് പ്രധാനമന്ത്രി.

2. സംസ്ഥാനത്തെ ലോക്സഭാ തിരഞ്ഞെടുപ്പിൻറെ ഒരുക്കങ്ങൾ വിലയിരുത്തുന്നതിനായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ അധ്യക്ഷതയിൽ കൊച്ചിയിൽ അവലോകന യോഗം പുരോഗമിക്കുന്നു.

3. ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതമാക്കി രാഷ്ട്രീയ പാർട്ടികൾ. വോട്ടർ പട്ടികയിൽ പേര് ചേർക്കാൻ മറ്റന്നാൾ വരെ അവസരം.

4. ആഗോളതാപനത്തിനെതിരെയുള്ള ചെറുത്തുനിൽപ്പായി ഇന്ന് ഭൗമ മണിക്കൂർ ആചരിക്കണമെന്ന് വൈദ്യുതി മന്ത്രി കെ. കൃഷ്ണൻകുട്ടി.

5. ഐ.പി.എല്ലിൽ ഇന്ന് രണ്ട മത്സരങ്ങൾ. പഞ്ചാബ് കിംഗ്സ് - ഡൽഹി ക്യാപിറ്റൽസിനെയും, സൺറൈസേഴ്സ് ഹൈദരാബാദ് - കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെയും നേരിടും.

**************************************

## പ്രധാനമന്ത്രി - ഭൂട്ടാൻ

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ഭൂട്ടാൻ സന്ദർശനം ഇന്ന് പൂർത്തിയായി. ഭൂട്ടാനിലെ തിംഫുവിൽ ഇന്ത്യൻ സർക്കാരിൻറെ സഹായത്തോടെ നിർമ്മിച്ച സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി ശ്രീ മോദി ഉദ്ഘാടനം ചെയ്തു. ഭൂട്ടാൻ പ്രധാനമന്ത്രി ഷെറിംഗ് ടോബ്ഗേയും ചടങ്ങിൽ സന്നിഹിതനായി. ഇന്ത്യ-ഭൂട്ടാൻ സൗഹൃദത്തിന് കൂടുതൽ ഊർജം പകരുന്നതായിരുന്നു തൻറെ സന്ദർശനമെന്ന് പ്രധാനമന്ത്രി പറഞ്ഞു. ഇന്ത്യ എന്നും ഭൂട്ടാൻറെ വിശ്വസ്ത സുഹൃത്തും പങ്കാളിയുമായിരിക്കുമെന്നും ശ്രീ മോദി വ്യക്തമാക്കി. ദേശീയ താൽപ്പര്യങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പരസ്പരം സഹകരണം തുടരാനും ഇന്ത്യയും ഭൂട്ടാനും ധാരണയായിരുന്നു.

************************************

## അവലോകന യോഗം

സംസ്ഥാനത്ത് ലോക്സഭാ തിരഞ്ഞെടുപ്പിനോട് അനുബന്ധിച്ച ഒരുക്കങ്ങൾ വിലയിരുത്തുന്നതിനായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ അധ്യക്ഷതയിൽ കൊച്ചിയിൽ അവലോകന യോഗം പുരോഗമിക്കുന്നു. ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട് ജില്ലകളിലെ ജില്ലാ ഇലക്ഷൻ ഓഫീസർ, പോലീസ് കമ്മീഷണർമാർ, ജില്ലാ പോലീസ് മേധാവികൾ, അസിസ്റ്റൻറ് റിട്ടേണിംഗ് ഓഫീസർമാർ, തുടങ്ങിയവർ യോഗത്തിൽ പങ്കെടുക്കുന്നുണ്ട്.

************************************

RNU TVPM

## തെരഞ്ഞെടുപ്പ് പ്രചാരണം ജനറൽ

തെരഞ്ഞെടുപ്പ് വിജ്ഞാപനമിറങ്ങാൻ ദിവസങ്ങൾ മാത്രം ശേഷിക്കെ സംസ്ഥാനത്ത് സ്ഥാനാർത്ഥി പര്യടനം സജീവമായി. വരും ദിവസങ്ങളിൽ മുന്നണികളുടെ പ്രമുഖ നേതാക്കൾ എത്തുന്നതോടെ പ്രചാരണം കനക്കും. തിരുവനന്തപുരം ലോക് സഭാ മണ്ഡലത്തിൽ മൂന്ന് മുന്നണികളും ചൂടേറിയ പ്രചാരണത്തിലാണ്. സിറ്റിംഗ് എംപിയും യുഡിഎഫ് സ്ഥാനാർത്ഥിയുമായ ശശി തരൂർ വിവിധ സ്ഥലങ്ങളിൽ പര്യടനം നടത്തുകയാണ്. എൽഡിഎഫ് സ്ഥാനാർത്ഥി പന്ന്യൻ രവീന്ദ്രൻ കഴക്കൂട്ടം മണ്ഡലത്തിൽ വിവിധ കേന്ദ്രങ്ങളിൽ വോട്ടഭ്യർത്ഥന നടത്തുന്നു. ഉച്ചക്ക് ശേഷം മെഡിക്കൽ കോളജ് ക്യാംപസും അദ്ദേഹം സന്ദർശിക്കും. എൻ ഡി എ സ്ഥാനാർത്ഥി രാജീവ് ചന്ദ്രശേഖർ കാമുകിൻകോട് ദുർഗാദേവി ക്ഷേത്രം, പി എൻ പണിക്കർ ഫൌണ്ടേഷൻ തുടങ്ങി വിവിധ സ്ഥലങ്ങളിൽ പര്യടനം നടത്തും. വിവിധ പ്രചാരണ പരിപാടികളിലും അദ്ദേഹം പങ്കെടുക്കും. കൊല്ലം മണ്ഡലത്തിലെ യു ഡി എഫ് സ്ഥാനാർത്ഥി എൻ കെ പ്രേമചന്ദ്രൻറെ പ്രചാരണം മൂന്നാംഘട്ടത്തിലേക്ക് കടന്നു. കുണ്ടറ, ഇരവിപുരം മണ്ഡലങ്ങളിലാണ് ഇന്ന് പര്യടനം. കൊല്ലം നിയോജക മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിലാണ് എൽ ഡി എഫ് സ്ഥാനാർത്ഥി എം. മുകേഷിൻ്റെ ഇന്നത്തെ പര്യടനം. അതേസമയം സ്ഥാനാർത്ഥിയെ പ്രഖ്യാപിച്ചിട്ടില്ലാത്ത എൻഡിഎ നിയോജകമണ്ഡലം തല നേതൃയോഗങ്ങൾ പൂർത്തിയാക്കി.

RIJU TVPM

**************************************

മണ്ഡലങ്ങളിലൂടെ - തൃശൂർ - ഇൻട്രോ

ത്രികോണ മത്സരത്തിന് വേദിയൊരുങ്ങുന്ന തൃശൂർ ലോക്സഭാ മണ്ഡലത്തിൽ തെരഞ്ഞെടുപ്പ് പ്രചാരണ പരിപാടികൾ പുരോഗമിക്കുന്നു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി തൃശൂർ ജില്ലാ പ്രതിനിധി ഭരിത പ്രതാപ്........

(വോയ്സ്)

************************************

വോട്ടർ പട്ടിക

ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള വോട്ടർ പട്ടികയിൽ ഇതുവരെ പേര് ചേർത്തിട്ടില്ലാത്തവർക്ക് തിങ്കളാഴ്ച വരെ അതിനുള്ള അവസരമുണ്ടാകുമെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. voters.eci.gov.in എന്ന പോർട്ടൽ വഴിയും, വോട്ടർ ഹെൽപ് ലൈൻ ആപ് ഉപയോഗിച്ചും, ബൂത്ത് ലെവൽ ഓഫീസർമാർ വഴിയും വോട്ടർ പട്ടികയിൽ പേര് ചേർക്കാം. ഈ മാസം 28 നാണ് കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളിലെ തിരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നത്. ഏപ്രിൽ 26 നാണ് വോട്ടെടുപ്പ്.

************************************

ഭൗമ മണിക്കൂർ - വൈദ്യുതി മന്ത്രി

ഊർജ്ജ സംരക്ഷണത്തിനായി ആഗോളജനത ഒരുമിക്കുന്ന ഭൗമ മണിക്കൂർ ആചരണം ഇന്ന്. ആഗോളതാപനത്തിനെതിരെ ഭൗമ മണിക്കൂർ ആചരിക്കാൻ വൈദ്യുതി മന്ത്രി കൃഷ്ണൻ കുട്ടി ആഹ്വാനം ചെയ്തു. വൈദ്യുതി ഉപയോഗം ക്രമാതീതമായി ഉയരുന്ന ഈ

PRU TVPM

കാലഘട്ടത്തിൽ ഭൗമ മണിക്കൂർ ആചരണത്തിന് വലിയ പ്രസക്തിയുണ്ട്. ഇന്ന് രാത്രി 8:30 മുതൽ 9:30 വരെ അത്യാവശ്യമല്ലാത്ത എല്ലാ വൈദ്യുത വിളക്കുകളും ഉപകരണങ്ങളും ഈ ഒരു മണിക്കൂർ സമയം അണച്ചു ഭൂമിയെ ആഗോളതാപനത്തിൽ നിന്നും കാലാവസ്ഥാ വ്യതിയാനത്തിൽ നിന്നും രക്ഷിക്കാനുള്ള സംരംഭത്തിൽ പങ്കാളികളാകാമെന്നും അദ്ദേഹം പറഞ്ഞു. ഭൂമിയെ സംരക്ഷിക്കുക എന്ന സന്ദേശവുമായി വേൾഡ് വൈഡ് ഫണ്ട് ഫോർ നേച്ചർ ആരംഭിച്ച ഈ സംരംഭത്തിൽ 190ൽപ്പരം ലോകരാഷ്ട്രങ്ങൾ അണച്ച് പങ്കുചേരുന്നു.

************************************

## ഭൗമ മണിക്കൂർ - സൈക്ലത്തോൺ

RNUTVPM

ഭൗമ മണിക്കൂർ ആചരണത്തിൻറെ ഭാഗമായി തിരുവനന്തപുരത്ത് മാനവീയം വീഥിയിൽ വിവിധ പരിപാടികൾ സംഘടിപ്പിക്കും. രാവിലെ മാനവീയം വീഥി മുതൽ ഉള്ളൂർ വരെ സൈക്ലത്തോൺ സംഘടിപ്പിച്ചു. വൈകിട്ട് അഞ്ചു മുതൽ വിവിധ പരിപാടികൾ നടക്കും. നിയമസഭാ മന്ദിരത്തിലും , കേരള സർവകലാശാല തുടങ്ങി പ്രമുഖ സ്ഥാപനങ്ങളും ഭൗമ മണിക്കൂർ ആചരണത്തിൽ പങ്കാളികളാകും.

************************************

## സി.ബി.എസ്.ഇ

ക്രമക്കേടുകൾ നടത്തിയതിന് കേരളത്തിൽ ഉൾപ്പടെയുള്ള 20 സ്കൂളുകളുടെ അംഗീകാരം സിബിഎസ് ഇ റദ്ദാക്കി. പീവീസ് പബ്ലിക് സ്കൂൾ മലപുറം, മദർ തെരേസ സെൻട്രൽ സ്ക്കൂൾ തിരുവനന്തപുരം എന്നിവയാണ് കേരളത്തിൽ

നിന്ന് അംഗീകാരം നഷ്ടമായ സ്കൂളുകൾ. ഡൽഹിയിൽ മാത്രം അഞ്ച് സ്കൂളുകളുടെ അംഗീകാരമാണ് റദ്ദാക്കിയത്.

*************************************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത"എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ൻറെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

*************************************

## സി.എ.എ വിരുദ്ധ റാലി - കാഞ്ഞങ്ങാട് - മുഖ്യമന്ത്രി

മതത്തെ പൗരത്വത്തിന് അടിസ്ഥാനമാക്കുന്ന വർഗ്ഗീയ നിയമം നടപ്പാക്കില്ലെന്ന് പ്രഖ്യാപിച്ചുള്ള സി.എ.എ. വിരുദ്ധ ബഹുജന റാലി ഇന്ന് കാഞ്ഞങ്ങാട്ട് നടക്കും. വൈകീട്ട് മുഖ്യമന്ത്രി പിണറായി വിജയൻ പൗരത്വ ഭേദഗതി നിയമം അറബിക്കടലിൽ എന്ന മുദ്രാവാക്യ മുയർത്തിയുള്ള റാലി ഉദ്ഘാടനം ചെയ്യും.

RNU TVPM

*************************************

## ചൂട് - ആരോഗ്യ ജാഗ്രത

സംസ്ഥാനത്ത് ചൂട് വർധിക്കുന്ന സാഹചര്യത്തിൽ ജാഗ്രത പാലിക്കണമെന്ന് ആരോഗ്യ വകുപ്പ് അധികൃതർ. ജലക്ഷാമം ഉണ്ടാകാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ ജലജന്യ രോഗങ്ങൾ ഉണ്ടാകാനിടയുണ്ട്. ഭക്ഷണവും മറ്റ് പാനീയങ്ങളും ശുചിയോടെ ഉപയോഗിക്കണം. ജല

മലിനീകരണം തടയാനും മാലിന്യം കുന്നുകൂട്ടിയിടാതെ ശ്രദ്ധിക്കണമെന്നും നിർദേശത്തിൽ പറയുന്നു.

*************************************

## പ്രത്യേക ട്രെയിൻ - ഹോളി

ഹോളി പ്രമാണിച്ച് കൊച്ചു വേളിയിൽ നിന്ന് ഈ മാസം 26, 29, ഏപ്രിൽ 2, 5 ദിവസങ്ങളിൽ പ്രത്യേക ട്രെയിനുകൾ സർവ്വീസ് നടത്തുമെന്ന് റെയിൽവേ അറിയിച്ചു.

*************************************

## മലക്കുടമഹോത്സവം

ദക്ഷിണഭാരതത്തിലെ ഏക ദുര്യോധനക്ഷേത്രമായ കൊല്ലം പോരുവഴി പെരുവരുത്തി മലനടയിലെ മലക്കുടമഹോത്സവം ആചാരപരമായ ചടങ്ങുകളോടെ നടന്നു. കാർഷിക പാരമ്പര്യത്തിൻ്റെ പ്രതീകങ്ങളായ കെട്ടുകാളകളും നെടുംകുതിരകളും പാടംതാണ്ടി കുന്നുകയറുന്നത് കൗതുകക്കാഴ്ചയായി. പാടവും, തോടും ഉത്സവപ്പറമ്പാകുന്ന ഗ്രാമീണ ഉത്സവാനുഭവത്തിൻ്റെ ഭാഗമാകാൻ ഇക്കുറിയും പതിനായിരങ്ങൾ എത്തി.

*************************************

## മരണം - കൊല്ലം

കൊല്ലം ജോനകപ്പുറം ഹാർബറിൽ ഉറങ്ങിക്കിടന്നവരുടെ ഇടയിലേക്ക് ബൈക്ക് ഇടിച്ചുകയറി ഭിന്നശേഷിക്കാരൻ മരിച്ചു. തമിഴ്നാട് കൊടമംഗലം സ്വദേശി പരശുറാം ആണ് മരിച്ചത്. ഇന്നലെ രാത്രി ആയിരുന്നു സംഭവം. പരുക്കേറ്റ ഒൻപതുപേരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

RNUTVPM

************************************

## കണ്ണൂർ - പിടിയിലായി

കണ്ണൂർ മട്ടന്നൂർ കോളാരി കൊക്കയിൽ പോലീസിനെ കണ്ട് മോഷ്ടിച്ച ചന്ദന തടികൾ ഉപേക്ഷിച്ച് കടന്നവരിൽ ഒരാൾ കൂടി പിടിയിലായി. മട്ടന്നൂർ നെല്ലൂന്നിയിലെ വിഷ്ണു ആണ് പിടിയിലായത്. ഇക്കഴിഞ്ഞ 14 ന് പുലർച്ചെയാണ് സംഭവം. ചന്ദന തടികൾ മുറിച്ച് സ്കൂട്ടറിൽ കടത്തുന്നതിനിടയിൽ പോലീസിനെ കണ്ട് വാഹനം ഉപേക്ഷിച്ചു പോകുകയായിരുന്നു. ഈ കേസിൽപ്പെട്ട കഞ്ഞിരോട് സ്വദേശി മുഹമ്മദ് റാഫി നേരത്തെ പിടിയിലായിരുന്നു.

************************************

RNU TVPM

## നികുതി

തദ്ദേശ സ്ഥാപനങ്ങളിലെ സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്ന കെ സ്മാർട്ടിലൂടെ നികുതി, ഫീസ് ഇനത്തിൽ 386.21 കോടി രൂപ പിരിച്ചെടുത്തു. സംസ്ഥാനത്തെ ആറ് കോർപറേഷനിലും 87 നഗരസഭയിലും ജനുവരി ഒന്നു മുതൽ കെ സ്മാർട്ട് സേവനം ലഭ്യമാണ്.

************************************

## ഐ.പി.എൽ

ഐ പി എല്ലിൽ ഇന്ന് രണ്ട് മത്സരങ്ങൾ. വൈകിട്ട് 3.30ന് മൊഹാലിയിൽ പഞ്ചാബ് കിംഗ്സ് ഡൽഹി ക്യാപിറ്റൽസിനെയും, രാത്രി 7.30ന് കൊൽക്കത്തയിൽ, സൺറൈസേഴ്സ് ഹൈദരാബാദ്, കൊൽക്കത്ത നൈറ്റ്

റൈഡേഴ്സിനെയും നേരിടും. ഇന്നലെ രാത്രി നടന്ന ഉദ്ഘാടന മത്സരത്തിൽ നിലവിലെ ചാമ്പ്യന്മാരായ ചെന്നൈ സൂപ്പർ കിംഗ്സ് റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂരിനെ 6 വിക്കറ്റിന് പരാജയപ്പെടുത്തിയിരുന്നു.

***********************************

## അരവിന്ദ് കെജ്രിവാൾ

അരവിന്ദ് കെജ്രിവാൾ ഡൽഹി മുഖ്യമന്ത്രിയായി തുടരുമെന്ന് ആം ആദ്മി പാർട്ടി അറിയിച്ചു. മദ്യനയകേസിൽ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാളിനെ കഴിഞ്ഞ ദിവസം ഇ.ഡി കസ്റ്റഡിയിൽ വിട്ടിരുന്നു. ഈ മാസം 28 ന് പ്രത്യേക സി.ബി.ഐ കോടതിയിൽ വീണ്ടും ഹാജരാക്കും.

RNU TVPM

***********************************

## ഗാസ - യു.എൻ

ഗാസയിൽ വെടിനിർത്തൽ നടപ്പാക്കാൻ ലക്ഷ്യമിട്ട് ഐക്യരാഷ്ട്ര രക്ഷാസമിതിയിൽ അമേരിക്ക നിർദ്ദേശിച്ച പ്രമേയം റഷ്യയും ചൈനയും വീറ്റോ ചെയ്തു. ഇസ്രയേലിനെ സമ്മർദ്ദത്തിലാക്കുന്നതിൽ അമേരിക്കയുടെ ശ്രമങ്ങൾ കപടവും നിഷ്ഫലുമാണെന്ന് റഷ്യ കുറ്റപ്പെടുത്തി. 15 അംഗ രക്ഷാസമിതിയിൽ 11 അംഗങ്ങൾ അനുകൂലിച്ചും മൂന്നു പേർ എതിർത്തും വോട്ടുചെയ്തു. ഒരാൾ വിട്ടുനിന്നു. ഗാസയിൽ വഷളായിക്കൊണ്ടിരിക്കുന്ന മാനുഷിക സാഹചര്യത്തെക്കുറിച്ച് യുഎൻ രക്ഷാ സമിതി ഇതിനകം രണ്ട് പ്രമേയങ്ങൾ അംഗീകരിച്ചിരുന്നു, എന്നാൽ അവ വെടിനിർത്തലിന് ആഹ്വാനം ചെയ്യുന്നതല്ല. വെടിനിർത്തൽ ആവശ്യപ്പെടുന്ന മൂന്ന് പ്രമേയങ്ങൾ നേരത്തെ അമേരിക്ക

വീറ്റോചെയ്തിരുന്നു.

***********************************

## ഭീകരാക്രമണത്തെ അപലപിച്ച് ലോകം

റഷ്യൻ തലസ്ഥാനമായ മോസ്കോയിൽ ഭീകരാക്രമണത്തെ അപലപിച്ച് ലോകം. സംഗീത നിശ നടക്കാനിരുന്ന വേദിക്ക് നേരെയുണ്ടായ ആക്രമണത്തിൽ അറുപതിലേറെ പേർ കൊല്ലപ്പെട്ടു. ഐ എസ് -ഐ എസ് ഉത്തരവാദിത്തം ഏറ്റെടുത്തു. ഭീകരാക്രമണത്തെ ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദി അപലപിച്ചു .യുഎൻ സെക്രട്ടറി ജനറൽ അൻറോണിയോ ഗ്യുട്ടെറസ് ആക്രമണത്തിൽ ഞെട്ടൽ രേഖപ്പെടുത്തി. ഭീകരാക്രമണത്തിന് ഉത്തരവാദികളെ കണ്ടെത്തുന്നതിന് റഷ്യയുമായി സജീവമായി സഹകരിക്കാൻ എല്ലാ രാജ്യങ്ങളോടും ഐക്യരാഷ്ട്രസഭ രക്ഷാസമിതി ആവശ്യപ്പെട്ടു. അമേരിക്ക്, യൂറോപ്യൻ യൂണിയൻ, യുകെ, ഫ്രാൻസ്, സ്പെയിൻ, യുഎഇ തുടങ്ങിയ രാജ്യങ്ങളും പ്രതിഷേധം രേഖപ്പെടുത്തി.

RNUTVPM

***********************************

## വേനൽ മഴ

ഇന്ന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ വേനൽ മഴ ലഭിക്കാൻ സാധ്യതയുണ്ടെന്ന് കാലാവസ്ഥ വകുപ്പ് അറിയിച്ചു. വടക്കു കിഴക്കൻ ഇന്ത്യയിൽ ഈ മാസം 26 വരെ ശക്തമായ മഴയും ഇടിമിന്നലും തുടരുമെന്നും മുന്നറിയിപ്പുണ്ട്.

*****************************************************

***********************************

*********************